# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 5140 — 06.02.2014 -ലെ മറുപടിക്ക്

## കാസർഗോഡ് ജില്ലയിൽ മാധ്യമ പ്രവർത്തകർ ആക്രമിക്കപ്പെട്ട കേസ്സുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. രമേശ് ചെന്നിത്തല (ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ മലയാള മനോരമ ബ്യൂറോ ലേഖകൻ ശ്രീ. പി. ചന്ദ്രമോഹനന്റെ വീടും ദേശാഭിമാനി ലേഖകൻ ശ്രീ. മുഹമ്മദ് ആഷിമിനേയും ആക്രമിച്ച സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) മേൽ സംഭവങ്ങളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഓരോ കേസ്സിലെയും പ്രതികൾ ആരൊക്കെയാണെന്നും എത്ര പ്രതികളെ പിടികൂടാൻ സാധിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) ഈ സംഭവങ്ങളോടനുബന്ധിച്ച് രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>(1) മലയാള മനോരമ ബ്യൂറോ ലേഖകൻ ശ്രീ. പി. ചന്ദ്രമോഹനന്റെ വീട് ആക്രമിച്ചത് സംബന്ധിച്ച് കാസർഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1071/13 u/s 447, 427, 153 r/w 34 IPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും നാളിതുവരെയുള്ള അന്വേഷണത്തിൽ ടി കേസിലെ പ്രതികളെ തിരിച്ചറിയുവാൻ സാധിച്ചിട്ടില്ലാത്തതുമാണ്.<br>(2) ദേശാഭിമാനി ലേഖകൻ ശ്രീ. മുഹമ്മദ് ആഷിമിനെ ആക്രമിച്ച സംഭവത്തിൽ കാസർഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1097/13 u/s 447, 324, 308, 506(ii) IPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിലെ പ്രതി മണി, S/o. കുഞ്ഞിക്കണ്ണൻ എന്നയാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (സി) മാധ്യമ പ്രവർത്തകരും അവരുടെ വീടുകളും ആക്രമിക്കപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) മാധ്യമ പ്രവർത്തകരും അവരുടെ വീടുകളും ആക്രമിക്കപ്പെടുന്ന സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനായി പോലീസ് നിരീക്ഷണം ശക്തിപ്പെടുത്തുകയും ഇത്തരം സംഭവങ്ങളിൽ ഉൾപ്പെടുന്ന പ്രതികൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ